LIBRARY ARCHIVES Kerala Legislative Assembly

ലോൺ, കടം എന്നിവയുടെ തിരിച്ചടവിനായുള്ള '6003', '6004' എന്നീ ശീർഷകങ്ങളിലായി ആകെ 2655.91 കോടി രൂപ ചെലവായിട്ടുണ്ട്.

വികസന പ്രവർത്തനങ്ങൾക്കായി റവന്യൂ ശീർഷകങ്ങളിൽ 18308.92 കോടി രൂപയും മൂലധന ശീർഷകങ്ങളിൽ 1577.25 കോടി രൂപയും ചെലവായിട്ടുണ്ട്.

അടിസ്ഥാന സൗകര്യവികസന മേഖലയിലെ വൻകിട പദ്ധതികൾക്കായി വകയിരുത്തപ്പെട്ട തുകയുടെ വിവരം

172 (512) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടിസ്ഥാന സൗകര്യ വികസന മേഖലയിലെ വൻകിട പദ്ധതികൾക്കായി തന്നാണ്ടിലെ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക എത്രയാണ്; അതിൽ നിന്നും ഇതിനകം എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതികൾ എല്ലാം പൂർത്തീകരിക്കുന്നതിന് ഇനിയും ആവശ്യമായിട്ടുള്ളതായി കണക്കാക്കപ്പെട്ട മൊത്തം തുക എത്ര; വിശദമാക്കാമോ ?

ഉത്തരം

(എ) അടിസ്ഥാന സൗകര്യ വികസന മേഖലയിലെ വൻകിട പദ്ധതികൾക്കായി നടപ്പ് സാമ്പത്തിക വർഷം 1225 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽനിന്നും നടപ്പുസാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി 215.15 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി)

ക്രമനമ്പർ	പദ്ധതി	മൊത്തം ചെലവ് (തുക കോടിയിൽ)
(1)	(2)	(3)
1	സബർബൽ റയിൽവേ സർവ്വീസ്	3330.78
2	കൊച്ചി-പാലക്കാട് നാഷണൽ	53825.00

	ഇൻവെസ്റ്റ്മെന്റ് ആന്റ് മാനുഫാക്ചറിംഗ് സോൺ	
3	പെട്രോളിയവും കെമിക്കൽസും പെട്രോകെമിക്കൽ ഇൻവെസ്റ്റ്മെന്റ് മേഖലയും	9000
4.	വിഴിഞ്ഞം അന്താരാഷ്ട്ര ടെർമിനൽ	2870.00
5.	കൊച്ചി മെട്രോ	3870.07
6.	തിരുവനന്തപുരം മോണോ റെയിൽ	3590.00
7.	കോഴിക്കോട് മോണോ റെയിൽ	1991.00
8.	കണ്ണൂർ വിമാനത്താവളം	1892.00
9.	മൊബിലിറ്റി ഹബ്ബ്	433.34
10.	35-ാം ദേശീയ ഗെയിംസ്	325.14
11.	തലസ്ഥാന നഗര വികസന പദ്ധതി	1000.00

ബാറുകളിലെ നികുതി കണക്കാക്കുന്ന കോമ്പൗണ്ടിംഗ് സമ്പ്രദായം

173 (513) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) 2014-2015 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് നിർദ്ദേശം അനുസരിച്ച് ട്ടു സ്റ്റാറും അതിന് താഴെയുമുള്ള ബാറുകളിലെ നിലവിലെ നികുതി കണക്കാക്കുന്ന കോമ്പൗണ്ടിംഗ് സമ്പ്രദായത്തിനു മാറ്റം വരുത്തിക്കൊണ്ട് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ, ഇതുവഴി പ്രതീക്ഷിക്കുന്ന അധിക വരുമാനം എത്ര കോടിയാണ് ;

(ബി) മാറ്റം വരുത്തുന്നതിന് മുമ്പുള്ള കോമ്പൗണ്ടിംഗ് സമ്പ്രദായമനുസരിച്ച് 2013-14 വർഷം ലഭിച്ച മൊത്തം വരുമാനം എത്ര കോടിയായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly